2008
മാർച്ച് 20
വ്യാഴം

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 SATURDAY MARCH 20 , 2008 RABEE'UL AWWAL 12, 1429. PAGE 16, ISSUE 3278



*എൽ.എം.ആർ.എ ചീഫ് എക്സിക്യൂട്ടീവ് അലി റാദിയും ജഅ്ഫരീ കൺസൾട്ടൻസി ചീഫ് എക്സിക്യൂട്ടീവ് ഡോ. അക്ബർ ജഅ്ഫരിയും ധാരണാപത്രത്തിൽ ഒപ്പുവെക്കുന്നു*

# എൽ.എം.ആർ.എയുടെ സേവനം ഐ.എസ്.ഒ നിലവാരത്തിലാക്കും

മനാമ: ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയുടെ സേവനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് ജഅ്ഫരീ കൺസൾട്ടൻസിയുമായി കഴിഞ്ഞ ദിവസം ധാരണയായി.

സനാബിസിലെ എൽ. എം.ആർ.എ ആസ്ഥാനത്ത് ചീഫ് എക്സിക്യൂട്ടീവ് അലി റാദിയും ജഅ്ഫരീ കൺസൾട്ടൻസിയെ പ്രതിനിധാനം ചെയ്ത് ചീഫ് എക്സിക്യൂട്ടീവ് ഡോ. അക്ബർ ജഅ്ഫരിയും ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ഐ.എസ്.ഒ 9001-2000 സർട്ടിഫിക്കറ്റ് അനുശാസിക്കുന്ന കാര്യക്ഷമത ഉറപ്പുവരുത്തുകയാണ് സഹകരണം ലക്ഷ്യമാക്കുന്നത്. എൽ.എം.ആർ.എ സേവനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമാണ് പുതിയ സഹകരണമെന്ന് അലി റാദി പറഞ്ഞു. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ മെച്ചപ്പെട്ട സേവനം നൽകുകയെന്നതാണ് സമിതിയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഐ.എസ്.ഒ 9001-2000 വ്യവസ്ഥകൾ നടപ്പിലാക്കാൻ തങ്ങളുടെ കമ്പനിയിലെ വിദഗ്ധർക്ക് സാധ്യമാകുമെന്ന് ജഅ്ഫരീ കൺസൾട്ടൻസി ചീഫ് എക്സിക്യൂട്ടീവ് ഡോ. അക്ബർ ജഅ്ഫരി പറഞ്ഞു. എൽ.എം.ആർ.എ ചെയ്യുന്ന മുഴുവൻ സേവനങ്ങളും ഉന്നത നിലവാരം പുലർത്താനും സാമ്പത്തികമായി മെച്ചപ്പെട്ടതാക്കാനും ഇതുവഴി സാധ്യമാകും.

സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും നൽകുന്ന സേവനങ്ങളെക്കുറിച്ചും കൺസൾട്ടൻസി ഏജൻസി വിശദ പഠനം നടത്തും. ബഹ്റൈൻ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏജൻസി ജി.സി.സി രാജ്യങ്ങളിലും ആഫ്രിക്കൻ യൂറോപ്യൻ രാജ്യങ്ങളിലും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.